18024
16/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – കൊല്ലം ജില്ല – കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. എൻ. മനുഭായ് സമർപ്പിച്ച അപ്പീൽ അപേക്ഷ – തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു

===

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2743/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 07.08.2017

===

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 29.05.2014-ലെ ഡി6-3276/2013 നമ്പർ നടപടിക്രമങ്ങൾ
2. ശ്രീമതി. എൻ. മനുഭായ് സമർപ്പിച്ച 19.07.2014-ലെ അപ്പീൽ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 16.09.2014-ലെ ഡി6-3276/2013 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപ്പരിശോധനയിൽ താഴെ പറയുന്ന വീഴ്ചകൾ കണ്ടെത്തുകയുണ്ടായി.

1. ഹാജർ പുസ്തകം ശരിയാംവണ്ണം പരിപാലിക്കുകയും ജീവനക്കാരുടെ അവധി സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നില്ല.
2. ലീവ് അക്കൗണ്ട് ശരിയായ രീതിയിൽ കണക്കാക്കി രേഖപ്പെടുത്തുന്നില്ല.
3. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.
4. പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ഫോൺ നമ്പറുകൾ അടങ്ങിയ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.
5. പഞ്ചായത്ത് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ സംബന്ധിച്ച് മിനിട്ട്സ് യഥാസമയം രേഖപ്പെടുത്തുന്നില്ല.
6. പഞ്ചായത്തിലെ തെരുവു വിളക്ക് മെയിന്റനൻസ്, ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പിൽവരുത്തുന്നതിന് ക്വട്ടേഷൻ പ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം ചേർത്ത് ആധികാരികപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി.
7. 15 മെമ്പർമാർക്ക് സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ കൈപ്പറ്റ് രസീതോ വർക്ക് ഓർഡറോ ലഭ്യമാക്കിയിട്ടില്ല.
8. തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച വരുത്തി.
9. മണൽപാസ്സുകൾ അനുവദിക്കുന്നതിൽ മേൽനോട്ടക്കുറവ് വരുത്തിയതുമൂലം അഴിമതി നടത്തുന്നതിനുള്ള സാഹചര്യമൊരുക്കി.

മേൽ വീഴ്ചകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മനുഭായിക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ച് ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിനെതിരെ ടിയാരി പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ശ്രീമതി. മനുഭായ് സമർപ്പിച്ച അപ്പീൽ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. മനുഭായ് അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിട്ടുള്ള കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ തനിക്കെതിരെയുള്ള ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ടെങ്കിലും തന്റെ വാദങ്ങൾ സാധൂകരിക്കാനുതകുന്ന വസ്തുതാപരമായ തെളിവുകൾ ഹാജരാക്കിയതായി കാണുന്നില്ല

ഈ സാഹചര്യത്തിൽ ശ്രീമതി. മനുഭായിക്കെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച നടപടികൾ പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല അയതിനാൽ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. മനുഭായ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. മനുഭായി, സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.62886/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ